12060
18/9/1

# കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്കുള്ള വിദ്യാഭ്യാസ ധനസഹായം- പുതുക്കിയ മാനദണ്ഡങ്ങളും തുകയും-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം524/2015/സാനീവ തീയതി, തിരുവനന്തപുരം 18.08.2015**

---

പരാമർശം:- (1) 08/05/2014 ലെ സ.ഉ (സാധാ) 322/2014/ സാനീവ നമ്പർ ഉത്തരവ്.
(2) 7/07/2015 ലെ സാമൂഹ്യ നീതി ഡയറക്ടറുടെ . എഫ്3- 28235/15 നമ്പർ കത്ത്.
(3) 22/07/15 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന വനിതാ ഗൃഹനാഥരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായവും കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയും ചില സമാനതകളുള്ളവയായതിനാൽ ഒരു ഗുണഭോക്താവിന് ഈ രണ്ട് പദ്ധതി പ്രകാരവും അപേക്ഷ സമർപ്പിക്കുവാനും വ്യാജ സാക്ഷ്യപത്രത്തിന്റെ സഹായത്തോടെ രണ്ട് ധനസഹായവും ലഭിക്കാനിടവരുന്ന സാഹചര്യം നിലവിലുണ്ടെന്നും, ഈ ഇരട്ടിപ്പ് ഒഴിവാക്കുവാനായി വനിതാ ഗൃഹനാഥരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം, വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതിന് ചുവടെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരെ മാത്രം ഉൾപ്പെടുത്തി മാനദണ്ഡം പുതുക്കി നിശ്ചയിക്കേണ്ടതുണ്ടെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

1) ബിപി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രമായിരിക്കും ധനസഹായത്തിന് അർഹതയുള്ളത്.
2) വിവാഹമോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
3) പുനർവിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
4) ഭർത്താവ് ഉപേക്ഷിച്ചു പോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
5) ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
6) ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/ പക്ഷാഘാതം മൂലം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
7) നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
8) അപേക്ഷകളിൽ സർക്കാർ നൽകുന്ന മറ്റൊരു വിദ്യാഭ്യാസ ധനസഹായത്തിനും സ്കൂൾ/കോളേജ് വഴി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന സാക്ഷ്യപ്പെടുത്തൽ സ്ഥാപന മേധാവി വരുത്തേണ്ടതാണ്.

9) അപേക്ഷകൾ അങ്കണവാടി വർക്കർമാർ വഴി അതാത് സി.ഡി.പി.ഒ.മാർക്ക് സമർപ്പിക്കേണ്ടതും, സി.ഡി.പി.ഒ.മാർ അന്വേഷണം നടത്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയശേഷം ജില്ലാ ഓഫീസർക്ക് അയയ്ക്കേണ്ടതാണ്.

2) വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഇതിലേക്കാവശ്യമായ 3 കോടി രൂപ സൂചന (1) പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിക്കും വിധം ചെലവഴിക്കുന്നത് ഉചിതമായിരിക്കുമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ '2235-02-103-92 പ്ലാൻ" ശീർഷകത്തിൽ അവശേഷിക്കുന്ന 3,28,91,000/- രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) 22/07/15 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതിയിൽ എ.ആർ. ടി തെറാപ്പി ചികിത്സയ്ക്ക് വിധേയരാകുന്ന എച്ച്.ഐ.വി ബാധിതരായ വ്യക്തികളെ കൂടി ഉൾപ്പെടുത്തേണ്ടതാണ് എന്ന നിബന്ധനയോടെ ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് മേൽ നിബന്ധനയ്ക്ക് വിധേയമായി ഭരണാനുമതി നൽകിയും ഇതിലേക്കാവശ്യമായ 3 കോടി രൂപ (മൂന്ന് കോടി രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യ നീതി ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ